ജി(2)9792/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി 03/07/2019.

## സർക്കുലർ 27/19

വിഷയം- സഹകരണ വകുപ്പ്- ഉജ്ജീവന സഹായ പദ്ധതി-ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായം നൽകുന്നത്- സർക്കുലർ നിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നത്- സംബന്ധിച്ച്.

സൂചന -
1. 17.12.2018 ലെ സ.ഉ(കൈ) നം.27/2018/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ്
2. സഹകരണ സംഘം രജിസ്ട്രാറുടെ 22.1.2019 ലെ 3/19 നമ്പർ സർക്കുലർ.
3. 22.2.2019 ലെ സ.ഉ(കൈ) നം.4/2019/ഡി.എം.ഡി സർക്കാർ ഉത്തരവ്.

പ്രളയത്തിൽ മൃഗ സംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽഒരു പദ്ധതി സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം(2) പ്രകാരമുള്ള സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉജ്ജീവന വായ്പ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം പരിഷ്കരിച്ച് പരാമർശം(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിക്കുന്നു.

I. പരാമർശം(2) പ്രകാരമുള്ള സർക്കുലറിലെ അനുബന്ധം ഫോറം 2- ൽ 'വിതരണം ചെയ്ത വായ്പ തുക' എന്നതിന് പകരം 'അനുവദിച്ച വായ്പ തുക' എന്നി തിരുത്തി വായിക്കേണ്ടതാണ്.

II. 2018 ലെ പ്രളയത്തീയതി ആഗസ്റ്റ് മാസം 1 ആയി കണക്കാക്കേണ്ടതാണ്.

III. ഉജ്ജീവന വായ്പ സഹായ പദ്ധതിയിൽ പറഞ്ഞിരിയ്ക്കുന്ന പദ്ധതികൾക്ക് സർക്കാർ സഹായം ലഭിക്കുന്നതിന് Resurgent Kerala Loan Scheme(RKLS) ഉൾപ്പെടെ മറ്റ് സാമ്പത്തിക സഹായം ലഭിച്ചത് തടസ്സമാവില്ല.

IV. പരാമർശിത സർക്കുലറിലെ 3, 4 എന്നിവ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ നിഷ്കർഷിച്ച ദുരന്ത ബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന term loan ന്റെയോ പ്രവർത്തന മൂലധനത്തിന്റെയോ (Working capital) മാർജിൻ മണി പരമാവധി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുള്ളതും ആയത് നേരിട്ട് ലോൺ അക്കൗണ്ടിലേക്ക് കൊടുക്കുന്നതാണ്.

പരാമർശം(2) സർക്കുലർ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഒപ്പ്)

എസ്. ഷാനവാസ്.ഐ.എ.എസ്,

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-

1. ഡയറക്ടർ ഒഫ് കോ ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, ക്രശ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറി, കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്, തിരുവനന്തപുരം.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ആഡിറ്റ്) മാർക്കും(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
12. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
13. എഡിറ്റർ, സഹകരണ വീഥി/ജേർണൽ
14. വെബ് സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)